"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - പള്ളിക്കത്തോട് കൃഷി ഓഫീസർ ശ്രീ. പ്രവീൺ ജോൺ-ന് സ്പെഷ്യൽ ഡിസെബിലിറ്റി അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1160/2024/AGRI തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.335/2024/കൃഷി തീയതി 06/04/2024

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04/04/2024 ലെ ADFW/331/2024-SD 2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കോട്ടയം ജില്ലയിലെ പാമ്പാടി പള്ളിക്കത്തോട് കൃഷി ഓഫീസർ ശ്രീ. പ്രവീൺ ജോണിന് 16/10/2023 -ൽ ഔദ്യോഗിക ഡ്യൂട്ടിയുടെ ഭാഗമായി യാത്ര ചെയ്ത സമയത്ത് അപകടമുണ്ടായി കാൽ മുട്ടിന് താഴെ പൊട്ടൽ ഉണ്ടായ കാരണത്താൽ ടിയാൾക്ക് 16/10/2023 മുതൽ 18/12/2023 വരെ സ്പെഷ്യൽ ഡിസെബിലിറ്റി അവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടിയാന്റെ ആരോഗ്യ സ്ഥിതി മെച്ചപ്പെടാത്തതിനാൽ പരാമർശം (1) പ്രകാരം അനുവദിച്ച സ്പെഷ്യൽ ഡിസെബിലിറ്റി അവധിക്ക് തുടർച്ചയായി 19/12/2023 മുതൽ 10/02/2024 വരെ (11/02/2024 പിൻചേർത്ത്) മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ സ്പെഷ്യൽ ഡിസെബിലിറ്റി അവധി അനുവദിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തു സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പാമ്പാടി പള്ളിക്കത്തോട് കൃഷി ഓഫീസർ ശ്രീ. പ്രവീൺ ജോൺ-ന് പരാമർശം (1) പ്രകാരം 16/10/2023 മുതൽ 18/12/2023 വരെ (64 ദിവസം) അനുവദിച്ച സ്പെഷ്യൽ ഡിസെബിലിറ്റി അവധിക്ക് തുടർച്ചയായി 19/12/2023 മുതൽ 10/02/2024 വരെ (54 ദിവസം) 11/02/2024 പിൻചേർത്ത് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള സ്പെഷ്യൽ ഡിസെബിലിറ്റി അവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം,

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള , തിരുവനന്തപുരം.

ശ്രീ. പ്രവീൺ ജോൺ, കൃഷി ഓഫീസർ (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA2/58/2024-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 10-12-2024 13:09:09
സെക്ഷൻ ഓഫീസർ